"ഭരണ ഭാഷ-മാതൃഭാഷ"

നമ്പർ- എ-3592/17

ജില്ലാ സാമൂഹ്യ നീതി ഓഫീസ്,
കോഴിക്കോട്, തിയതി 20/10/2017.
ഫോൺ-0495-2371911
ഇമെയിൽ-dsjokkd@gmail.com.

ജില്ലാ സാമൂഹ്യ നീതി ഓഫീസർ,
കോഴിക്കോട്.

ശ്രീമതി.ലീന.പി
കോയിറ്റോത്ത് മീത്തൽ
രയരങ്ങോത്ത് (പി.ഒ)
ചോറോട്, വടകര വഴി
673102

സർ,

വിഷയം:ജില്ലാസാമൂഹ്യനീതിഓഫീസ്,കോഴിക്കോട്-വിവരാവകാശ നിയമം -2005 പ്രകാരമുള്ള അപേക്ഷ സംബന്ധിച്ച്.
സൂചന:താങ്കളുടെ 27/09/2017 ലെ അപേക്ഷ.

---

വടകര ശിശുവികസനപദ്ധതി ഓഫീസിലെ പാർട് ടൈം സ്വീപ്പർ തസ്തികയിലേയ്ക്ക് 15/09/2017 ന് കോഴിക്കോട് ജില്ലാ സാമൂഹ്യനീതി ഓഫീസിൽ വെച്ച് നടന്ന കൂടിക്കാഴ്ച സംബന്ധിച്ച് വിവരങ്ങൾ ലഭ്യമാവുന്നതിന് താങ്കൾ സൂചന പ്രകാരം അപേക്ഷ സമർപ്പിച്ചിട്ടുണ്ട്. എന്നാൽ താങ്കൾ വിവരാവകാശ നിയമ പ്രകാരം വിവരങ്ങൾ അറിയുന്നതിനാണ് അപേക്ഷ സമർപ്പിച്ചതെന്ന് മനസ്സിലാവുന്നു. വിവരാവകാശനിയമപ്രകാരമുള്ള അപേക്ഷയിൽ അപേക്ഷാ ഫീസായി 10 രൂപയുടെ കോർട്ട് ഫീ സ്റ്റാമ്പോ അല്ലെങ്കിൽ മറ്റേതെങ്കിലും വിധത്തിലോ 10 രൂപ ഫീസായി ഒടുക്കേണ്ടതുണ്ട്. ബി.പി.എൽ വിഭാഗത്തിൽപ്പെട്ട അപേക്ഷകർക്ക് അപേക്ഷാഫീസ് ഒടുക്കേണ്ടതില്ല. എന്നാൽ ബി.പി.എൽ വിഭാഗത്തിൽ പെട്ടതാണെന്ന് തെളിയിക്കുന്നതിനുള്ള സാക്ഷ്യപത്രം അപേക്ഷയോടൊപ്പം ഹാജരാക്കണം.

കൂടാതെ വടകര ശിശുവികസനപദ്ധതി ഓഫീസിൽ നിയമിച്ച പാർട് ടൈം സ്വീപ്പറുടെ അർഹത സംബന്ധിച്ച രേഖകൾ കോഴിക്കോട് ജില്ലാ സാമൂഹ്യനീതി ഓഫീസിൽ ലഭ്യമല്ല. ആയത് ലഭിക്കുന്നതിന് താങ്കൾക്ക് വടകര ശിശുവികസന പദ്ധതി ഓഫീസിൽ വിവരാവകാശ നിയമ പ്രകാരം അപേക്ഷ സമർപ്പിക്കാവുന്നതാണ്.

വിശ്വസ്തതയോടെ,

ജില്ലാ സാമൂഹ്യ നീതി ഓഫീസർ
കോഴിക്കോട്

DESPATCHED
20/10/2017